**Urgent**

**സന്ദേശം**

TO : **ഇടുക്കി ജില്ലയിലെ എല്ലാ ഓഫീസർമാർക്കും.**

INFO :

FROM : **ജില്ലാ പോലീസ് മേധാവി,**
ഇടുക്കി.

**No. F1(b)-11290/2017/ID Dt 02-11-2018**

ഈ യൂണിറ്റിൽ പ്രവർത്തിയെടുത്തുവരുന്ന ഉദ്യോഗസ്ഥരുടെ 2018-19 വർഷത്തെ (അസ്സസ്മെൻറ് ഇയർ 2019-20) ആദായ നികുതി കണക്കാക്കി നികുതി വസൂലാക്കുന്നതിന് ഗവൺമെൻറ് അനുശാസിക്കുന്ന വിധത്തിലുള്ള റിബേറ്റ് ലഭിക്കുന്നതിനായി ആവശ്യമായ ഒർജിനൽ രേഖകൾ 30/11/2018 തീയതിക്ക് മുൻപായി ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

താഴെ പറയുന്ന മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചായിരിക്കണം രേഖകൾ സമർപ്പിക്കേണ്ടത്.

- അപേക്ഷകന്റെ PEN/PAN നമ്പറുകൾ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. ഇവ രേഖപ്പെടുത്താത്ത അപേക്ഷകൾ നിരസിക്കുന്നതാണ്.
- PAN ഇല്ലാത്തവർ ആദായ നികുതി ഇളവിന് അപേക്ഷിക്കേണ്ടതില്ല. അവരുടെ നികുതി, കിഴിവുകളില്ലാതെ ഇരട്ടിയായി (20%) കണക്കാക്കുന്നതാണ്.
- പുതുതായി PAN എടുത്തവർ ആയതിന്റെ പകർപ്പിൽ PEN നമ്പരും സ്റ്റേഷനും രേഖപ്പെടുത്തി ഈ ഓഫീസിൽ നൽകേണ്ടതാണ്.

താഴെപ്പറയുന്ന ആവശ്യങ്ങൾക്ക് അടക്കുന്ന തുക ആദായ നികുതി കിഴിവിന് പരിഗണിക്കുന്നതാണ്.

1. ഭവനവായ്പ്പയുടെ തിരിച്ചടവ് തുക.

- ഭവനവായ്പ ഉള്ളവരുടെ ഭവന നിർമ്മാണ വായ്പയെടുത്ത തീയതി മുതൽ മൂന്നു വർഷത്തിനകം പണിപൂർത്തിയായിരിക്കണം. ഏത് സ്ഥാപനത്തിൽ നിന്നാണോ ഭവന വായ്പയുള്ളത്, ആ സ്ഥാപനത്തിൽ നിന്നും ലഭിക്കുന്ന സർടിഫിക്കറ്റിൽ ഭവന വായ്പ അനുവദിച്ച തീയതി, നടപ്പ് സാമ്പത്തീക വർഷം തിരിച്ചടവ് തുകയായി അടച്ചതും ഇനി അടക്കേണ്ടതായ തുക മുതലും പലിശയുമായി വേർതിരിച്ച കാണിച്ചിരിക്കണം.
- കംപ്ലീഷൻ സർട്ടിഫിക്കറ്റ് / വീടുപണി പൂർത്തിയായ ശേഷമുള്ള ആദ്യ കെട്ടിട നികുതിയടച്ചതിന്റെ കോപ്പി / തൻറെ വീടുപണി പൂർത്തിയായതായി കാണിച്ച് അപേക്ഷകൻ സ്വയം വെള്ളക്കടലാസിൽ തയ്യാറാക്കിയ സാക്ഷ്യപത്രം.
- ഭവന നിർമ്മാണ വായ്പ ഭാര്യയുടെയും ഭർത്താവിൻറെയും പേരിലുള്ളതാണ് എങ്കിൽ അപേക്ഷകൻ വീടിന്റെ ഓണർഷിപ്പ് സർട്ടിഫിക്കറ്റ് കെട്ടിട നികുതി അടച്ച രസീതിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. പങ്കാളി ജോലിയില്ലാത്ത വ്യക്തിയാണ് എങ്കിൽ പ്രസ്തുത വിവരം അപേക്ഷകൻ സത്യവാങ്മൂലം ബോധിപ്പിക്കേണ്ടതാണ്.
- രേഖകളും അവയുടെ പകർപ്പുകളും വ്യക്തമായി മനസിലാക്കാൻ സാധിക്കുന്ന തരത്തിലുള്ളതാവണം. അല്ലാത്തവ പരിഗണിക്കുന്നതല്ല.

2. കുട്ടികളുടെ (2 കുട്ടികളുടെ മാത്രം ) വിദ്യാഭ്യാസ ആവശ്യത്തിനായി ചിലവഴിച്ച തുകയുടെ രസീതിൽ സ്കൂൾ ഫീസിനത്തിൽ അടച്ച തുകയിൽ നിന്നും ട്യൂഷൻ ഫീസ് മാത്രമായി വേർതിരിച്ച കാണിച്ചിരിക്കണം. അല്ലാത്തവ പരിഗണിക്കുന്നതല്ല.

3. നേരിട്ടടയ്ക്കുന്ന എൽഐസി /പിഎൽഐ/ മ്യൂച്ചൽ ഫണ്ട് എന്നിവയ്ക്കുവേണ്ടി അടച്ച തുകയുടെ രസീത് (തീയതി സഹിതമുള്ളത്) ഹാജരാക്കണം.

4. മെഡിക്ലയിം ഇനത്തിൽ ചിലവഴിച്ച തുകയുടെ രസീത് ഹാജരാക്കുമ്പോൾ പ്രസ്തുത പണമിടപാടിന്റെ രീതി (ചെക്ക്/ഡിഡി/ക്യാഷ് ) വ്യക്തമായിരിക്കണം. ക്യാഷ് വഴിയുള്ള ഇടപാടുകൾക്ക് ആദായ നികുതി കിഴിവ് ബാധകമായിരിക്കില്ല.

5. നികുതിദായകരായ ഉദ്യോഗസ്ഥരെ ആശ്രയിച്ച് കഴിയുന്ന അംഗവൈകല്യമുള്ളവർ, ബുദ്ധിമാന്ദ്യം സംഭവിച്ചവർ എന്നിവർക്കുവേണ്ടി 2018-19വർഷം ചികിൽസക്കായി/ വിദ്യാഭ്യാസ ആവശ്യത്തിനായി ചിലവഴിച്ച തുകയ്ക്ക് കിഴിവിനായി അപേക്ഷിക്കുമ്പോൾ ഇതോടൊപ്പം ചേർത്തിട്ടുള്ള Form 10-IA കൂടി ഹാജരാക്കേണ്ടതാണ്. കൂടാതെ ശാരീരിക വൈകല്യമാണ്

എങ്കിൽ അത് തെളിയിക്കുന്നതിനുള്ള Certificate for the person with disabilities- ഉം മാനസിക വൈകല്യമാണ് എങ്കിൽ ആയത് തെളിയിക്കുന്ന Certificate of Mental retardation for government benefit എന്ന സർട്ടിഫിക്കറ്റും കൂടി ഉൾപ്പെടുത്തേണ്ടതാണ്. ഈ ഇനത്തിൽ ചിലവായ തുക കാണിക്കുന്ന അപേക്ഷകൻറെ ഒരു ഡിക്ലറേഷനും കൂടി അപേക്ഷയോടൊപ്പം ഉൾക്കൊള്ളിച്ചിരിക്കണം. ബില്ലുകളുടെയോ മറ്റ് വൌച്ചറുകളുടെയോ പകർപ്പോ/ ഒറിജിനലോ ആവശ്യമില്ല.

6. കുട്ടികളുടെ ആവശ്യത്തിനായി എടുത്ത ലോണിന്റെ പലിശ, നികുതി ഇളവിന് പരിഗണിക്കുന്നതാണ്. ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നുമുള്ള സർട്ടിഫിക്കറ്റിൽ ലോൺ എടുത്ത തീയതി വ്യക്തമാക്കിയിരിക്കണം.

7 സംഭാവന ഇനത്തിൽ നികുതി കിഴിവിനായി അപേക്ഷിക്കുമ്പോൾ മുഖ്യ മന്ത്രിയുടെയോ/ പ്രധാന മന്ത്രിയുടെയോ ദുരിതാശ്വാസ നിധിയിലേക്ക് ഈ ഓഫീസ് മുഖാന്തിരം അയക്കുന്ന സംഭാവന മാത്രമേ പരിഗണിക്കുകയുള്ളൂ.

8. ആദായ നികുതി കിഴിവിനായുള്ള അപേക്ഷകൾ iaps മുഖാന്തിരം അയക്കുവാൻ പാടില്ലാത്തതാണ്.അപേക്ഷകൾ ഒറിജിനൽ രേഖകൾ സഹിതം ഫിസിക്കലായി അയയ്ക്കേണ്ടതാണ് .

9.ഇടുക്കി പോലീസ് സൊസൈറ്റിയിൽ നിന്നും എടുത്തിരിയ്ക്കുന്ന ഹൌസ് മെയിൻറനൻസ് ലോണിൻറെ പലിശയിനത്തിൽ Rs.30,000/- മാത്രമേ ഇളവുണ്ടായിരിയ്ക്കുകയുള്ളൂ .

എല്ലാ SHO മാരും/ഓഫീസ് മേധാവിമാരും ഈ കത്തിലെ ഉള്ളടക്കം അവരുടെ കീഴിൽ പ്രവർത്തിയെടുത്തുവരുന്ന എല്ലാ ഉദ്യോഗസ്ഥരെയും അറിയിക്കേണ്ടതും നോട്ടീസ് ബോർഡിൽ പരസ്യപ്പെടുത്തേണ്ടതും അവരിൽനിന്നും ലഭിക്കുന്ന അപേക്ഷകൾ ഓരോ സ്റ്റേഷനുകളിലെയും / ഓഫീസുകളിലെയും ഒരുമിച്ചു ബന്ധപ്പെട്ട രേഖകൾ സഹിതം 30/11/2018തീയതിക്ക് മുൻപായി ഈ ഓഫീസിൽ എത്തിക്കേണ്ടതാണ്. അപ്രകാരം അപേക്ഷ ലഭിക്കാത്തവരുടെ നികുതി, കിഴിവുകൾ ഒന്നും ഇല്ലാതെയും മുന്നറിയിപ്പ് കൂടാതെയും റിക്കവറി ചെയ്യുന്നതാണ്.

**ശാരദാമ്മ കെ**

**എക്കൌണ്ട്സ് ഓഫീസർ**

For District Police Chief

# FORM NO. 10-IA

[See sub-rule (2) of rule 11A]

**Certificate of the medical authority for certifying ‘person with disability’, ‘severe disability’, ‘autism’, ‘cerebral palsy’ and ‘multiple disability’ for purposes of section 80DD and section 80U**

Certificate No.

Date :

This is to certify that Shri/Smt./Ms_____________ son/daughter of Shri_____________, age years__________male/female* residing at__________, Registration No.__________is a person with disability/severe disability* suffering from autism/cerebral palsy/multiple disability*.

2. This condition is progressive/non-progressive/likely to improve/not likely to improve*.

3. Reassessment is recommended/not recommended after a period of months/years*.

Sd/-

(Neurologist/Pediatric Neurologist/Civil Surgeon/
Chief Medical Officer*)

Name :

Address of Institution/Government hospital :

Qualification/designation of specialist :

SEAL

Signature/Thumb impression* of the patient

Note : *Strike out whichever is not applicable.